**A** **702**

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണയം 2021-22

## മലയാളം
## കേരളപാഠാവലി

ക്ലാസ് : 7 — സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ 8 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 വായിക്കാം എഴുതാം**
**താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതൂ.**

'കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്ന കഥയിലൊരിടത്ത് എം.ടി എഴുതുന്നു.
'വടക്കെപ്പാടത്തെ നെല്ല് പാലുറയ്ക്കാൻ തുടങ്ങുമ്പോൾ താന്നിക്കുന്നുതൊട്ട് പറക്കുളം മേച്ചിൽപ്പുറം വരെ കണ്ണാന്തളിച്ചെടികൾ തഴച്ചുവളർന്നുകഴിയും. ഇളം റോസ് നിറത്തിലുള്ള പൂക്കൾ തല കാട്ടിത്തുടങ്ങും. ആ പൂക്കളുടെ നിറവും ഗന്ധവും തന്നെയായിരുന്നു പുന്നെല്ലരിയുടെ ചോറിനും. പൂക്കളുടെയും ചോറിന്റെയും സമൃദ്ധിക്കുവേണ്ടിയുള്ള കാത്തിരിപ്പിന്റെ കാലമാണ് ഞങ്ങൾക്കു കർക്കിടകം.'

എത്ര പൂവുകൾ!
നെല്ലിൻ തോളിൽ കൈവെച്ചു നിരന്ന നെല്ലിപ്പൂവുകൾ, ഇത്തിരിപ്പൊന്നു മുക്കുത്തി ചാർത്തിയ മുക്കുറ്റിപ്പൂവുകൾ, കൊച്ചരിപ്പല്ലു വിടർത്തിച്ചിരിച്ചു നിന്ന അരിപ്പൂവുകൾ, കാക്കപ്പൂവുകൾ, കരവീരകങ്ങൾ, കുങ്കുമപ്പൂക്കൾ, കോളാമ്പിപ്പൂക്കൾ, കൃഷ്ണകിരീടങ്ങൾ....

ഗ്രാമം കാത്തുപോറ്റിയ , മണ്ണിന്റെ സ്വന്തം പൂക്കളെല്ലാം പോയി, പേരറിയാത്ത എത്രയെത്ര വയൽപ്പൂക്കൾ, വേലിപ്പരത്തികൾ, കാട്ടുപൂവുകൾ.....

കൂടെ, പൂകൊണ്ടു മൂടിയ ജൈവമായ പുറവേലികളൊക്കെയും അപ്രത്യക്ഷമായി.

വിഷു കഴിഞ്ഞ പാടങ്ങൾ — ആലങ്കോട് ലീലാകൃഷ്ണൻ

എ. പൂക്കളുടെയും ചോറിന്റെയും സമൃദ്ധിക്കുവേണ്ടിയുള്ള കാത്തിരിപ്പിന്റെ കാലമായി എം.ടി കാണുന്നത് എന്തിനെയാണ്.?
(കർക്കിടകം, പൂക്കാലം, സമൃദ്ധിക്കാലം)
ബി. പുന്നെല്ലരി ചോറിന് നിറവും ഗന്ധവും നൽകിയത് ആര്?
(മുക്കുറ്റി, കാണ്ണാന്തളിപ്പൂക്കൾ, കാക്കപ്പൂവ്)
സി. 'കണ്ണാന്തളിപ്പൂക്കളുടെ കാലം' എന്ന കൃതിയുടെ എഴുതിയതാര്?
(ഒളപ്പമണ്ണ, ആലങ്കോട് ലീലാകൃഷ്ണൻ, എം.ടി വാസുദേവൻനായർ)

ഡി. ഏത് പൂക്കളാണ് നെല്ലിൻതോളിൽ കൈവച്ച് നിരന്നത്?
(നെല്ലിപ്പൂവുകൾ, അരിപ്പൂക്കൾ, കോളാമ്പിപ്പൂവ്)
ഇ. മണം എന്നതിന് സമാനപദം?
(സമൃദ്ധി, ഗന്ധം, ജൈവം)

**പ്രവർത്തനം 2 കത്തെഴുതാം**

സ്വജീവിതം മറ്റുള്ളവർക്കായി സമർപ്പിച്ച ശ്രീനാരായണ ഗുരു, ഗാന്ധിജി, മാർട്ടിൻ ലൂഥർ കിങ്ങ് തുടങ്ങിയവരെക്കുറിച്ചെല്ലാം നിങ്ങൾ പഠിച്ചല്ലോ.
ഒരു കൊച്ചു മിടുക്കൻ ചെയ്ത മഹനീയ കാര്യം വായിച്ചു നോക്കൂ.

മഴയിൽ നിറഞ്ഞൊഴുകുകയായിരുന്നു കൃഷ്ണാ നദി. അപ്പോഴാണ് പാലത്തിലൂടെ ആംബുലൻസ് എത്തിയത്. മുമ്പിൽ അപകടമുണ്ടോ എന്നറിയാതെ പകച്ചു നിന്നു ഡ്രൈവർ. അപ്പോഴാണ് ആറാം ക്ലാസ്സുകാരനായ വെങ്കിടേഷ് ആംബുലൻസിനു മുന്നിൽ ഓടി വഴി കാട്ടിയത്. അരയോളം വെള്ളത്തിൽ കഷ്ടപ്പെട്ടാണ് അവൻ ഓടിയത്. രാജ്യത്തിന് മറക്കാനാവാത്ത അനുഭവം സമ്മാനിച്ച വെങ്കിടേഷിന് ധീരതയ്ക്കുള്ള ദേശീയ പുരസ്കാരം ലഭിച്ചു.


**എ). വെങ്കിടേഷിനെ അഭിനന്ദിച്ചുകൊണ്ട് കത്തെഴുതൂ.**

**ബി. :** 'എനിക്കൊരു സ്വപ്നമുണ്ട്' എന്നു തുടങ്ങുന്ന പ്രസിദ്ധമായ പ്രസംഗം നടത്തിയതാര്?
(സുകുമാർ അഴീക്കോട്, ജോസഫ് മുണ്ടശ്ശേരി, മാർട്ടിൻ ലൂഥർകിങ്ങ്)

**സി. ; ഹർഷപൂരിതം** എന്നതിന് സമാനാർത്ഥം വരുന്ന പദം എത്?
(ദുഷിച്ചത്, സന്തോഷം നിറഞ്ഞത്, വിഷാദം നിറഞ്ഞത്)

**പ്രവർത്തനം 3 ഡയറി എഴുതാം**

**എ. :** ഫെബ്രുവരി 21 മുതൽ പൂർണ്ണമായും സ്കൂളുകൾ തുറന്നല്ലോ... തുറക്കുന്നതിന്റെ തലേ ദിവസത്തെ നിങ്ങളുടെ ചിന്തകൾ ഡയറിയായി എഴുതു.




**ബി).** 'ആത്മകഥക്കൊരാമുഖം' എന്ന കൃതിയുടെ രചയിതാവ് ആര്?
(ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി, സുഗതകുമാരി)

**സി).** ജമന്തി+ പൂക്കൾ = ജമന്തിപ്പൂക്കൾ

എങ്കിൽ

ചുഴലി+ കാറ്റ്= ................................?

**പ്രവർത്തനം 4 താരതമ്യക്കുറിപ്പ്**

"കണികാണുവാൻ കാത്തിരിക്കുന്നിതവരുടെ
ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു".
എന്നു പറയുന്ന കണിക്കൊന്നയെക്കുറിച്ച് നിങ്ങൾ പഠിച്ചില്ലേ?
'ആനക്കാര്യം' എന്ന ഈ കഥ ഒന്നു വായിച്ചു നോക്കൂ.


> കാലടച്ചുള്ള അടി പേടിച്ചിട്ടോ, പുണ്ണിലുരയുന്ന ചങ്ങലക്കണ്ണി വേദനിച്ചിട്ടോ, ചെവിയിൽ തിരുകിയ തോട്ടിക്കൂർപ്പ് കണ്ടിട്ടോ, പാപ്പാന്റെ കൊമ്പൻമീശ ഭയന്നിട്ടോ ഒന്നുമല്ല ഞാനിങ്ങനെ അടങ്ങിനിൽക്കുന്നത്, മറിച്ച് ആൾക്കൂട്ടത്തിനിടയിലെ ആ കുഞ്ഞുകണ്ണുകളിലെ ചിരി കണ്ടിട്ട് മാത്രമാണേ....
>
> **ആനക്കാര്യം** — **കെ.എസ്. സുധീർ**

**എ.** : കണിക്കൊന്ന പറഞ്ഞ കാര്യങ്ങളേയും ഉത്സവപ്പറമ്പിലെ ആന പറഞ്ഞ കാര്യങ്ങളേയും താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കൂ.

**ബി.** : "അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ" എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്നും എടുത്തതാണ്.?
(അമർനാഥ് ഗുഹയിലേയ്ക്ക്, ഹിമവാന്റെ മുകൾത്തട്ടിൽ, നേരമില്ലാത്ത നേരത്ത്)

**സി.** : "നരനായും പറവയായും" എന്ന കൃതിയുടെ രചയിതാവ് ആര്?
(സന്തോഷ് ഏച്ചിക്കാനം, എസ്.ഗുപ്തൻനായർ, ടി.പത്മനാഭൻ)

**പ്രവർത്തനം 5 കഥാപാത്രനിരൂപണം**




**എ.** : 'റൈൻ നദിയിലെ ഓളങ്ങൾ' എന്ന പാഠഭാഗത്തിലെ പ്രധാന കഥാപാത്രമായ ജീൻ മൈക്കലിനെക്കുറിച്ച് നൽകിയ സൂചനകൾ വായിച്ചില്ലേ? ജീൻ മൈക്കലിന്റെ വ്യക്തിത്വവും സ്വാഭാവ സവിശേഷതകളും പരിഗണിച്ച് കഥാപാത്ര നിരൂപണം തയ്യാറാക്കൂ...

**ബി.** : 'യൂറോപ്പിന്റെ ഇതിഹാസം' എന്നറിയപ്പെടുന്ന കൃതി ഏത്?
(ജീൻ ക്രിസ്റ്റഫ്, റൈൻ നദിയുടെ ഓളങ്ങൾ, മൈക്കലാഞ്ജലോ)
**സി.** : 'ഞാറ്റുവേലപ്പൂക്കൾ' എന്ന കവിതയിൽ 'ദാരിദ്ര്യം നിറഞ്ഞ കുടിൽ' എന്ന അർത്ഥത്തിൽ ഉപയോഗിച്ച പ്രയോഗം ഏത്?
(ഇടവക്കരിങ്കാറിൻ പൊത്ത്, എല്ലുപൊന്തിയ ചെറ്റക്കുടിൽ, നാകീയ വാഗ്ദാനം)

**പ്രവർത്തനം 6 വാങ്മയ ചിത്രം**

**ഹിമവാന്റെ മുകൾത്തട്ടിൽ**

നീണ്ടുവളർന്ന മുടിയും ഇടതൂർന്ന താടിയും കാറ്റിൽ പറന്നു. ഊത നിറത്തിലുള്ള മുട്ടോളമെത്തുന്ന ഒരു മേലങ്കിയാണ് അയാൾ ധരിച്ചിരുന്നത്. അത് കമ്പിളികൊണ്ടുള്ളതായിരുന്നു. കഴുത്തിൽ രുദ്രാക്ഷമാല ധരിച്ചിരുന്നു. അയാളുടെ കാലുറ നീലനിറത്തിലുള്ളതായിരുന്നു. ഒരു വലിയ ഭാണ്ഡം തോളിൽ തൂങ്ങിക്കിടന്നു. എല്ലുന്തി കവിളൊട്ടിയ ആ മുഖത്ത് അനേകം ദിവസത്തെ യാത്രയുടെ ക്ലേശം സ്ഫുരിച്ചു നിന്നിരുന്നു. കുണ്ടിൽ ചാടിയ കണ്ണുകൾക്കു ചുറ്റും കറുത്ത, വലിയ വളയങ്ങൾ കണ്ടു. വെളുത്തു വിളറിയ ചർമ്മത്തിൽ അവ തെളിഞ്ഞു നിന്നു. അയാൾ നീണ്ട, അഗ്രം കൂർത്ത ഒരു വടി പിടിച്ചിരുന്നു.

രാജൻ കാക്കനാടൻ

തന്റെ യാത്രയിൽ പരിചയപ്പെട്ട ഒരു പാശ്ചാത്യ യാത്രികന്റെ വാങ്മയ ചിത്രം രാജൻ കാക്കനാടൻ കുറിച്ചത് വായിച്ചില്ലേ.

**എ.** ഇതുപോലെ, ഗാന്ധിജിയുടെ വാങ്മയ ചിത്രം എഴുതൂ.
**ബി.** : അധ്യാത്മരാമായണം കിളിപ്പാട്ടിന്റെ ഉപജ്ഞാതാവ് ?
(തുഞ്ചത്ത് എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ)
**സി.** :, പല്ലവപുടം - പല്ലവങ്ങളുടെ പുടം
എങ്കിൽ
താരാജാലം -

**പ്രവർത്തനം 7 അഭിമുഖ ചോദ്യാവലി തയ്യാറാക്കാം**

34 വയസ്സുമാത്രമുള്ള കണ്ണോന്താർ വിനു പെരുവണ്ണാൻ തുലാപ്പത്തിനു ശേഷം മേടപ്പാതി വരെ കെട്ടിയാടിയത് ഇരുപതോളം കതിവനൂർ വീരൻ തെയ്യം. ഒരൊറ്റ കളിയാട്ടക്കാലത്ത് ഇത്രയധികം കതിവനൂർ വീരൻ തെയ്യങ്ങളെ ഒരാൾ കെട്ടിപ്പൂർത്തിയാക്കുക എന്നത് അത്യപൂർവ്വമായി മാത്രം സംഭവിക്കുന്നതാണ്. തെയ്യങ്ങളിൽ ഏറ്റവും കരുത്തുറ്റ പുരുഷ സൗന്ദര്യം, കതിവനൂർ വീരൻ നിറഞ്ഞാടുകയാണ്. ഒരുപക്ഷേ ഭൂമിയിൽ വിനു പെരുവണ്ണാന് മാത്രം സാധിക്കുന്ന അസാധാരണ മെയ്ക്കരുത്തോടെ .

ഇത്രയെറെ പ്രസിദ്ധനായ വിനു പെരുവണ്ണാൻ സ്കൂൾ വാർഷികത്തിന് മുഖ്യാതിഥിയായി എത്തുന്നു. ഈ അവസരത്തിൽ അദ്ദേഹവുമായി ഒരു അഭിമുഖം നടത്താം. അതിനുതകുന്ന ചോദ്യങ്ങൾ തയ്യാറാക്കൂ. അഞ്ചു ചോദ്യങ്ങളെങ്കിലും തയ്യാറാക്കുമല്ലോ.

**പ്രവർത്തനം 8 ആസ്വാദനക്കുറിപ്പ്**

'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന കവിതയിലൂടെ ഒരു കണിക്കൊന്നയുടെ മനസ്സ് നമ്മൾ വായിച്ചു. ഇനിയൊരു കണിക്കൊന്നയുടെ മനസ്സ് കൂടി വായിക്കാം

ദില്ലി നഗരത്തിലെ ഈ അതിഥി മന്ദിരത്തിന്റെ വളപ്പിലൊരു മൂലയ്ക്ക് ഒരു കൊന്നമരം - പ്രവാസിയുടെ വിഷാദം പോലെ ! പിറന്ന തൊടിയിലെ ഇത്തിരി മണ്ണ് നിറച്ച കുമ്പിളിലൂന്നി നിർത്തി, തൈയായിരിക്കുമ്പോൾ ഈ കൊന്നയെ ആരോ ഇവിടെ കൊണ്ടുവന്നു കൂടിവച്ചതാവാം.
സൂര്യനെ ഒരുനോക്ക് കാണാൻ കൊതിച്ചു നിന്ന നീണ്ട ശൈത്യങ്ങൾ; പിന്നെ ആറ്റുനോറ്റിരുന്നുദിച്ച സൂര്യൻ. ആകാശത്തു നിന്നഗ്നി വർഷിച്ച ഗ്രീഷ്മങ്ങൾ, ഇവയ്ക്കിടയിലെ രണ്ടുംകെട്ട അവസ്ഥകൾ-എല്ലാമനുഭവിച്ച് പതംവന്നു വളർന്നുവെങ്കിലും ഇലച്ചാർത്ത് ഇരുണ്ടുനിന്നു - മേടവും പത്താമുദയവും വന്നുപോകുന്നതറിയാതെ, പൂവിടാതെ.......

പിന്നെ ദില്ലിയിൽ, തകരനും പൂചൂടും കാലത്തിലൊരിക്കൽ പാവം കൊന്നയുമൊന്നു ചിരിച്ചു-തനിക്ക് വിധിക്കപ്പെട്ടതിനോട് പൊരുത്തപ്പെടാൻ കൊതിക്കുന്ന ഒരു ഗ്രാമവധുവിനെപ്പോലെ!

**തോന്ന്യാക്ഷരങ്ങൾ** **ഒ.എൻ.വി കുറുപ്പ്**

**എ.** ഈ രചനയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ

**ബി.** ആധിനുക കവിത്രയത്തിൽ ഉൾപ്പെടുന്നതാര്?
(കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി, കുമാരനാശാൻ)
**സി.** വനരോദനം മാറ്റി എഴതുമ്പോൾ ?
(വനത്തിന്റെ രോദനം, വനമാകുന്ന രോദനം, വനവും രോദനവും)